DESPATCHED
On..25/02/2020

6/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.365(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.6815/എസ്.ഐ.സി-ജി 5/2016)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ.കെ.കെ. മുരളീധരൻ
കൈലാസം വീട്,
തിരുവഞ്ചൂർ പി.ഒ.,
കോട്ടയം- 686 039 } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,
ആനിക്കാട് പി.ഒ., കോട്ടയം - 686 50 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 04.04.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.06.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.06.2016 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 04.06.2016 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 08.01.2020,05.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.കെ.കെ.മുരളീധരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും നൽകിയിട്ടില്ലായെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) മണർകാട് പഞ്ചായത്തിൽ ഒന്നും രണ്ടും വാർഡുകളിലായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടോടു കൂടി നടപ്പാക്കിയ പുലിപ്രം കുന്ന് -കൊരട്ടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

ii) മേൽപ്പടി പദ്ധതിക്ക് അനുമതി ലഭിച്ച വർഷം ഏതെന്നും, അടങ്കൽ തുക ഉപഭോക്തൃ വിഹിതമുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിവരം നൽകണമെന്നും

iii) മേൽപ്പടി പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം നൽകണമെന്നും

iv) ത്രിതല പഞ്ചായത്തുകളിൽ ഓരോന്നിന്റെയും പദ്ധതിയുടെ ഫണ്ട് വിഹിതവും മറ്റു സ്രോതസ്സുണ്ടെങ്കിൽ അതിന്റെ വിവരവും നൽകണമെന്നും മറ്റുമായി 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി 16.06.2019 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, C.P. 549(5)/2016/SIC പരാതി ഹർജിയിലും പുലിപ്രം കുന്ന് -കൊരട്ടിക്കുന്ന് കുടിവെള്ള പദ്ധതി സംബന്ധിച്ച ഒരേ വിവരങ്ങൾ തന്നെയാണ് ഹർജിക്കാരൻ തേടിയിരുന്നതെന്നും മേൽപ്പടി പരാതി ഹർജി കമ്മീഷൻ 04.12.2017 തീയതി തീർപ്പു കല്പിച്ചിട്ടുള്ളതായും കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യ

RIGHT TO INFORMATION

മില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA. THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

suja

RIGHT TO INFORMATION